**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : **T 3590**

**20.06.2019 ൽ മറുപടിയ്ക്ക്**

## വാഹനാപകട നഷ്ടപരിഹാര ട്രൈബ്യൂണലുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വാഹനാപകട കേസുകൾ തീർപ്പാക്കാനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) വാഹനപ്പെരുപ്പവും അപകടനിരക്കിലെ വർദ്ധനവും അനുസരിച്ച് വാഹന അപകട നഷ്ടപരിഹാര ട്രൈബ്യൂണലുകൾ സംസ്ഥാനത്ത് നിലവിലില്ലെന്ന കാര്യം പരിശോധിക്കുമോ; | (ബി) | വാഹനപ്പെരുപ്പവും അപകടനിരക്കിലെ വർദ്ധനവും കണക്കിലെടുത്ത് സംസ്ഥാനത്തുടനീളം വാഹനാപകട നഷ്ട പരിഹാര ട്രൈബ്യൂണലുകൾ സ്ഥാപിക്കുന്നതിനായി 17.04.2012 ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ മുൻഗണനാലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) ഇതു കാരണം ഒരു ലക്ഷത്തിലധികം നഷ്ടപരിഹാര കേസുകൾ സംസ്ഥാനത്ത് കെട്ടിക്കിടപ്പുണ്ടോ; | (സി) | 31.05.2019 തീയതി പ്രകാരം സംസ്ഥാനത്തെ MACT കളിൽ നിലവിൽ 94,465 കേസുകൾ ഇനിയും തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. |
| (ഡി) ഇതിന് പരിഹാരമായി മോട്ടോർ ആക്സിഡന്റ് മീഡിയേഷൻ അതോറിറ്റി രൂപീകരിക്കണമെന്ന ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) യും (ഇ) യും | സംസ്ഥാനത്തെ കേസുകൾ തീർപ്പാക്കുന്നതിനായി മോട്ടോർ ആക്സിഡന്റ് മീഡിയേഷൻ അതോറിറ്റി രൂപീകരിക്കണ-മെന്ന കാര്യത്തിൽ കൂടുതൽ പരിശോധന ആവശ്യമുണ്ട്. ഇതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇതു സംബന്ധമായ കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ